# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 387 25/06/2014 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ സാങ്കേതിക പഠന സൗകര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ. എം. ഷാജി | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിദ്യാർത്ഥികളുടെ സാങ്കേതിക പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ 12 ജില്ലകളിലായി 44 വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 41 എണ്ണത്തിൽ എൻ.സി.വി.റ്റി അംഗീകാരത്തോടെയും 3 ഐ.റ്റി.ഐ. കൾ എസ്.സി.വി.റ്റി അംഗീകാരത്തോടെയും പ്രവർത്തിക്കുന്നു. ഇലക്ട്രീഷ്യൻ, സർവ്വേയർ, ഡി/സിവിൽ തുടങ്ങി 12 വിവിധ മെട്രിക്/നോൺ മെട്രിക് ട്രേഡുകളിൽ പരിശീലനം നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ പ്രവേശനം 80% എസ്.സി വിഭാഗത്തിൽ നിന്നുള്ളവർക്കായി സംവരണം ചെയ്തു വയാണ്. ട്രെയിനികളുടെ പരിശീലനം സുഗമമായി നടത്തുന്നതിന് എൻ.സി.വി.റ്റി നോംസ് പ്രകാരം ആവശ്യമായിട്ടുള്ള പഠനോപകരണങ്ങളും മെഷിനറികളും ടി ഐ.റ്റി.ഐ. കളിൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ഐ.ടി.ഐ. കളിലും വിദ്യാർത്ഥികൾക്ക് തങ്ങൾ പരിശീലനം നേടുന്ന ട്രേഡുകൾക്കൊപ്പം ഐ.റ്റി./ കമ്പ്യൂട്ടർ പരിജ്ഞാനവും നൽകുന്നുണ്ട്. ഐ.റ്റി.ഐ. കളിൽ പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് ട്രേഡുകളിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിന് ട്രെയിനിംഗ് കം എംപ്ലോയ്മെന്റ് സ്കീം, അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം, ടൂൾ കിറ്റ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ വടക്കഞ്ചേരിയിൽ കമ്മ്യൂണിറ്റി കോളേജിൽ പരിശീലനം നൽകിവരുന്ന certificate programme in precession mechanist (CPPM) എന്ന കോഴ്സിന് പ്രതിവർഷം 20 പേർക്ക് പരിശീലനം നൽകുന്നുണ്ട്. ഇവിടെയും 80% പ്രവേശനം എസ്.സി വിദ്യാർത്ഥികൾക്കാണ്. Job linked training programme for SC youths എന്ന പദ്ധതി പ്രകാരം എൻ.റ്റി.റ്റി.എഫ് ന്റെ വിവിധ കേന്ദ്രങ്ങളിലൂടെ പ്രതിവർഷം 300 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി, എഞ്ചിനീയറിംഗ് ഡിപ്ലോമ പഠനത്തിനും സഹായം നൽകുന്നു. ഇതോടൊപ്പം സംസ്ഥാനത്തും അന്യസംസ്ഥാനത്തും എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള അർഹത പരിശോധിച്ച് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നുണ്ട്. |
| (ബി) | സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെ തൊഴിലിനുള്ള മത്സര പരീക്ഷകൾക്ക് സജ്ജരാക്കാൻ എന്തൊക്കെ സഹായങ്ങൾ നൽകിവരുന്നു എന്ന് വിശദമാക്കുമോ ; | (ബി) | എഞ്ചിനീയറിംഗ് ബിരുദം, എം.സി.എ, ഡിപ്ലോമ മുതലായ കോഴ്സുകൾ പൂർത്തിയാക്കിയിട്ടുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് Net Working, Android, Visual effect, Soft Skill, Product design തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി അവരെ മത്സര പരീക്ഷകൾക്ക് സജ്ജരാക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും സൈബർശ്രീ വഴി പരിശീലനം നൽകുവാൻ ധനസഹായം നൽകിവരുന്നു.<br><br>ബാങ്കിംഗ് മേഖലയിൽ ജോലി ലഭിക്കുന്നതിനായി എഞ്ചിനീയറിംഗ് ബിരുദധാരികളടക്കമുള്ള കുട്ടികൾക്ക് കൊല്ലത്ത് IES എന്ന സ്ഥാപനം വഴി പരിശീലനം നൽകുന്നതിനും ധനസഹായം നൽകിവരുന്നു. |
| (സി) | 2014-15 വർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | മുൻ വർഷങ്ങളിൽ ആരംഭിച്ച സൈബർശ്രീ വഴിയുള്ള പരിശീലന പരിപാടി ഈ വർഷവും തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ